(c) the extent of such waste lands as are used by cattle for pasture?

Mr. T. M. Krishna Menon.—The information collected so far is contained in the statements placed on the Council Table.

Night School in Azhikkode.

399. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അഴീക്കോട്ട് ഒരു നിശാപാഠശാല സ്ഥാപിച്ചുകൊടുക്കണമെന്ന ഗവമ്മെണ്ടിനു അധ്യക്തർ മുതലായ സമുദായക്കാരുടെ വല്ല അപേക്ഷയും കിട്ടീട്ടുണ്ടോ എന്നു പറയാമോ;

(b) പുതിയ സ്കൂൾ സ്ഥാപിച്ചു കൊടുപ്പാൻ ഫണ്ടനുവദിക്കാത്തപക്ഷം ബാലാനുബോധിനി നൈറ്റ് സ്കൂൾ അഴീക്കോട്ടെക്കു മാറ്റി സ്ഥാപിച്ചു കൊടുപ്പാൻ ഹർജിക്കാർ അപേക്ഷിക്കയുണ്ടായൊ എന്നു പറയുമൊ;

(c) ബാലാനുബോധിനി സ്കൂൾ കെട്ടിടത്തിൽ നിശാപാഠശാല എത്ര കൊല്ലം നടത്തി എന്നറിയിക്കുമൊ;

(d) 'ശിശുവിദ്യാപോഷിണി' സ്കൂളും 'ബാലാനുബോധിനി' സ്കൂളും തമ്മിൽ എത്ര അകലമുണ്ടെന്നു പറയാമൊ;

(e) പ്രസ്തുത നിശാപാഠശാലയുടെ സ്ഥലമാറ്റം സംബന്ധിച്ചുണ്ടായ എല്ലാ എഴുത്തുകുത്തുകളും മേശപ്പുറത്തു വെക്കുവാൻ ഒയവുണ്ടാകുമൊ;

(f) അഴീക്കോട് വില്ലേജിൽ അധ്യക്തരുടെ ഇണത്തിനും അഭിവൃദ്ധിയുണ്ടാക്കുവാനുമായി എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു പറയാമൊ?

റാവു സാഹിബ് മിസ്റ്റർ സി. മത്തായി.—(a) അഴീക്കോട്ട് ഒരു നിശാപാഠശാല സ്ഥാപിക്കുന്നതിനു അധ്യക്തർ മുതലായവരുടെ ആട്ടക്കൽ നിന്നും അപേക്ഷ ഉണ്ടായതായി അറിയുന്നില്ല. പക്ഷെ ബാലാനുബോധിനി നൈറ്റ് സ്കൂൾ മേത്തലയിൽ നിന്നും മാറ്റരുതെന്നും, അഥവാ മാറ്റുന്നതായാൽ തന്നെ അതു ശിശുവിദ്യാപോഷിണി സ്കൂളിലേക്കു ആയാൽ കൊള്ളാമെന്നും കാണിച്ചു് ഒരു അപേക്ഷ ഉണ്ടായി.

(b) മേൽ ഉത്തരം നോക്കുക.

(c) പന്ത്രണ്ടു കൊല്ലത്തിൽ അധികം നടത്തീട്ടുണ്ടു്.

(d) വലിയ അകലമൊന്നുമില്ല.

(e) എഴുത്തുകുത്തുകൾ മേശപ്പുറത്തു വെക്കേണ്ട ആവശ്യം കാണുന്നില്ല.

(f) വിവരം അന്വേഷണത്തിൽ ഇരിക്കുന്നു.

Chitrapuzha Road.

400. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—(a) തിരുവാങ്കുളം പഞ്ചായത്തിൽ പെട്ട ചിത്രപുഴ റോഡു റിപ്പയറിനു് എത്ര രൂപ്പിക അനുവദിച്ചു;

(b) അനുവദിച്ച സംഖ്യക്കു പഞ്ചായത്തിൽ നിന്നും അവർ അയച്ച ബഡ്ജറ്റിൽ വല്ല തുകയും കാണിച്ചിരുന്നൊ;

(c) ഉണ്ടെങ്കിൽ എത്രക്കാണു്;

(d) പഞ്ചായത്തു ബഡ്ജറ്റു് എന്നാണു് സൂപ്രണ്ടിനു കിട്ടിയതു്;

(e) ബഡ്ജറ്റയക്കുമ്പോൾ വല്ല എസ്റ്റിമേറും തയ്യാറാക്കീട്ടുണ്ടായിരുന്നൊ;

(f) ടി സംഖ്യ എതു പണിക്കാണു് ഉപയോഗിച്ചതു്;

(g) ഈ പണിക്കു എസ്റ്റിമേറു് ആരാണു് തയ്യാറാക്കിയതു്;

LIBRARY ARCHIVES Kerala Legislative Assembly